# കേരളത്തിന്  ദേശീയ ഊർജ്ജസംക്ഷണ അവാർഡ്




കേന്ദ്ര ഊർജ്ജ മന്ത്രാലയം ഏർപ്പെട്ടുത്തിയ ദേശീയ ഊർജ്ജസംരക്ഷണ അവാർഡിൽ സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി വിഭാഗത്തിൽ എനർജി മാനേജ്മെന്റ്സെന്ററിന് ഈ വർഷവും (2020) ഒന്നാം സ്ഥാനം ലഭിച്ചു.

11.01.21 ന് 3 മണിക്ക് വീഡിയോ കോൺഫറൻസിലൂടെയാണ് അവാർഡ് പ്രഖ്യാപിച്ചത്. ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ കേന്ദ്ര ഊർജ്ജ മന്ത്രാലയവും ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയും ചേർന്ന് നടത്തിയ ചടങ്ങിൽ ബഹു: കേന്ദ്ര ഊർജ്ജ വകുപ്പ മന്ത്രി ശ്രീ. ആർ. കെ. സിംഗ് മുഖ്യാഥിതിയായി പങ്കെടുക്കുകയും അവാർഡുകൾ പ്രഖ്യാപിക്കുകയും ചെയ്തു.

കേരളത്തെ പ്രതിനിധീകരിച്ച് ബഹു: വൈദ്യുതി വകുപ്പ മന്ത്രി ശ്രീ. എം. എം. മണിയും എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ: ആർ. ഹരികുമാറും മറ്റ് ക്ഷണിക്കപ്പെട്ടവരും തിരുവനന്തപുരം റസിഡൻസി ടവറിൽ ഒരുക്കിയ വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ അവാർഡ് പ്രഖ്യാപനച്ചടങ്ങിൽ പങ്കെടുത്തു. തുടർച്ചയായി നാലാം തവണയാണ് ഇ. എം. സി. ക്ക്  ദേശീയ അവാർഡിൽ ഒന്നാം സ്ഥാനം ലഭിക്കുന്നത്.